ശ്രീ അയ്യങ്കാരുടെ പ്രമേയത്തിൽ ആവശ്യപ്പെട്ടതുപോലെ മത—ജാതി സംഘടനകളുടെ രാഷ്ട്രീയപ്രവർത്തനം വിലക്കുന്ന ഒരു വകുപ്പ് നിർഭാഗ്യവശാൽ, ഭരണഘടനയിൽ എഴുതിച്ചേർക്കപ്പെട്ടില്ല. അതേസമയം ജവാഹർലാൽ നെഹ്റു ഭയപ്പെട്ട തരത്തിലുള്ള ബീഭത്സമായ ഒരു തന്തയില്ലാപ്പടപ്പ് ഇന്ത്യയിൽ പിറന്നു വളർന്നുകൊണ്ടിരിക്കുകയുമാണ്. നാം ഈ വിപത്തു കണ്ടറിഞ്ഞു പരിഹരിക്കാൻ ഇനിയും വൈകിച്ചുകൂടാ. ഭീകര പ്രവർത്തനങ്ങൾ തടയുന്നതിന് കർശനമായ നിയമം നമ്മുടെ പാർലമെൻറ് ഈയിടെ പാസ്സാക്കുകയുണ്ടായി. ഈ നിയമത്തിന് സാധാരണ ജനങ്ങൾ ഹാർദമായ സ്വാഗതമാണ് നൽകിയിട്ടുള്ളതു്. മത—ജാതി സംഘടനകൾ രാഷ്ട്രീയപ്രവർത്തനം നടത്തുന്നതു കർശനമായി നിരോധിക്കുന്ന നിയമം ഉണ്ടാക്കുകയാണെങ്കിൽ അതിനും മത—ജാതി രാഷ്ട്രീയത്തിൻെറ ദുരന്തങ്ങൾ കണ്ടറിഞ്ഞ സാധാരണ ഭാരതീയർ സ്വാഗതം നൽകാതിരിക്കുകയില്ല.

പക്ഷേ, അടിസ്ഥാനപരമായ ഇത്തരമൊരു നിയമം ആവിഷ്കരിച്ചു നടപ്പിൽ വരുത്തുന്നതിന് ഭരണകക്ഷിക്കു കരുത്തുണ്ടാവുമോ? കാലുമാററം തടയുന്നതിന് നിയമംകൊണ്ടുവന്ന കോൺഗ്രസ് കക്ഷി, മത—ജാതി—സംഘടനകൾ തെരഞ്ഞെടുപ്പിൽ പങ്കെടുക്കുന്നതു നിരോധിക്കാൻ ധൈര്യപ്പെടുമോ? മതത്തിൻെറയും ജാതിയുടെയും അടിസ്ഥാനത്തിലല്ലാതെ, തങ്ങൾ ചെയ്ത കാര്യങ്ങളുടെയും ചെയ്യാൻ നിശ്ചയിച്ച കാര്യങ്ങളുടെയും അടിസ്ഥാനത്തിൽ, രാഷ്ട്രീയമായി, ജനങ്ങളെ നേരിടാമെന്നും, വോട്ട് നേടാമെന്നും കോൺഗ്രസ് കക്ഷിക്ക് ഉറപ്പുണ്ടോ? ഏച്ചുകെട്ട്—നീക്കുപോക്ക്—രാഷ്ട്രീയം എന്നന്നേക്കുമായി കൈവെടിയാൻ ശ്രീ രാജീവ് ഗാന്ധി തയ്യാറാകുമോ?

5 ജൂലൈ, 1985

## 55. മതം ഏതായാലും...

മതത്തിൻെറ അടിസ്ഥാനത്തിൽ രൂപവത്ക്കരിക്കപ്പെട്ട പാകിസ്ഥാൻ പിരിഞ്ഞുപോയി ഒരു സ്വതന്ത്ര—മുസ്ലീം രാഷ്ട്രമായിക്കഴിഞ്ഞിട്ടും, ഇന്ത്യാഉപഭൂഖണ്ഡത്തിലെ അവശേഷിച്ച ഭാഗങ്ങളിലെ ജനങ്ങൾ മതനിരപേക്ഷരാഷ്ട്രസിദ്ധാന്തം മുറുകെപ്പിടിക്കുകയാണുണ്ടായതു്. ആധുനികഭാരതത്തിൻെറ ശില്പികൾ കൂട്ടായി ആലോചിച്ചുനിർമിച്ച് രാഷ്ട്രത്തിനു സമർപ്പിച്ച ഭരണഘടനയുടെ അസ്ഥിവാരം പടുത്തുകെട്ടിയിട്ടുള്ളതു് മതനിരപേക്ഷതയിലാകുന്നു. മതം ഏതായാലും, എല്ലാ പൗരന്മാർക്കും തുല്യമായ അവകാശങ്ങളും തുല്യമായ കടമകളുമാണ് ഇന്ത്യയിൽ ഉള്ളതു്. നിയമങ്ങൾ നിർമിക്കുന്ന പാർലമെൻറിലും അവ നടപ്പിൽവരുത്തുന്ന ഗവണ്മെൻറുകളിലും നിയമം യഥാവിധി നിർവഹിക്കപ്പെടുന്നുണ്ടെന്ന് ഉറപ്പുവരുത്തുന്ന കോടതികളിലും മതപരമായ പരിഗണനകൾക്ക് ഒരു സ്ഥാനവും ഇന്ത്യയിൽ നൽകപ്പെട്ടിട്ടില്ല.

അതേസമയം, ചരിത്രപരങ്ങളായ കാരണങ്ങളാൽ പിൻതള്ളപ്പെട്ടുപോയ ഹരിജനങ്ങൾക്കും ഗോത്രവർഗങ്ങൾക്കും മതന്യൂനപക്ഷങ്ങൾക്കും, ഒരു നിശ്ചിതകാലത്തേക്ക്, ചില മണ്ഡലങ്ങളിൽ, ചില പ്രത്യേക പരിഗണനകൾ ഇന്ത്യൻഭരണഘടന നൽകുകയുണ്ടായി. സാമ്പത്തികവും സാംസ്കാരികവുമായ പുരോഗതി നേടി, പിന്നോക്കംനിൽക്കുന്ന വിഭാഗങ്ങൾ പുരോഗമിച്ച വിഭാഗങ്ങളോടു തുല്യത നേടുന്നതോടെ ഈ പ്രത്യേക

പരിഗണനകൾ അവസാനിക്കണമെന്നും വ്യവസ്ഥചെയ്തിരുന്നു. അതായതു്, പിന്നോക്കാവസ്ഥ, ചില പ്രത്യേക വിഭാഗങ്ങളുടെ എക്കാലത്തേക്കുമുള്ള നിക്ഷിപ്തതാത്പര്യമായി തുടർന്നുപോകരുതെന്ന് ഭരണഘടനാനിർമ്മാതാക്കൾ ആഗ്രഹിച്ചു.

പ്രായപൂർത്തി വോട്ടവകാശത്തിൽ അധിഷ്ഠിതമാണ് ഇന്ത്യൻജനാധിപത്യം. വോട്ടർമാരിൽ വലിയ ഒരു വിഭാഗം തികച്ചും നിരക്ഷരരാണ്; രാഷ്ട്രീയകാര്യങ്ങളിലോ സാമ്പത്തികപ്രശ്നങ്ങളിലോ വലിയ പിടിപാടൊന്നും ഇല്ലാത്തവർ. അവരെ സമീപിച്ച് വോട്ടുവാങ്ങുവാൻ രാഷ്ട്രീയപാർട്ടികൾ ജാതിയെന്ന പാരമ്പര്യഘടനയെ സമർത്ഥമായി ഉപയോഗപ്പെടുത്താനിടയുണ്ടെന്ന്, ഇന്ത്യൻസ്വാതന്ത്ര്യത്തിന്റെ ആരംഭവർഷങ്ങളിൽത്തന്നെ, പലരും ആശങ്കിച്ചിരുന്നു. പക്ഷേ, സ്വാതന്ത്ര്യസമരത്തിലൂടെ നേടിയ ഖ്യാതി ഒളിമങ്ങാതെ നിന്നിരുന്നകാലത്തോളം, ഇന്ത്യയിലെ മുഖ്യ–രാഷ്ട്രീയപ്പാർട്ടി ആയിരുന്ന കോൺഗ്രസ്സിന് ജാതി–മത അടിസ്ഥാനത്തിൽ വോട്ടുപിടിക്കേണ്ട ആവശ്യമുണ്ടായിരുന്നില്ല. എങ്കിലും, ജാതിയുടെയും മതത്തിന്റെയും അടിസ്ഥാനത്തിൽ സംഘടിച്ച് തെരഞ്ഞെടുപ്പുരംഗത്തിലേക്കിറങ്ങിയ പ്രാദേശികപ്പാർട്ടികളും വിഘടിതഗ്രൂപ്പുകളുമായുള്ള മത്സരത്തിൽ, പലപ്പോഴും, ജാതി–മതരാഷ്ട്രീയത്തിന് കോൺഗ്രസ്സും വഴങ്ങിക്കൊടുക്കേണ്ടിവന്നു. ക്രമേണ ജാതി–മതസമ്മർദഗ്രൂപ്പുകളുടെ ഒരു കൂട്ടുസംഘടന മാത്രമായി തീർന്നു കോൺഗ്രസ്. അധികാരത്തിനുവേണ്ടി കോൺഗ്രസ്സുമായി മത്സരിക്കുന്നതിനിടയ്ക്ക്, താൽക്കാലികലാഭങ്ങൾക്കുവേണ്ടി, പലപ്പോഴും ജാതി–മതവിഭാഗീയ–താത്പര്യങ്ങളുടെ പിന്നിൽ മററു ദേശീയപാർട്ടികളും അണിനിരന്നു. കമ്യൂണിസ്റ്റ് പാർട്ടിയിലാണെങ്കിൽ, സ്വാതന്ത്ര്യലാഭത്തിനുമുമ്പുള്ള വർഷങ്ങളിൽത്തന്നെ ജാതി–മതരാഷ്ട്രീയത്തിന്റെ ദുഷ്പ്രഭാവം പ്രകടമായിരുന്നു. പാകിസ്ഥാനു പിൻതുണ നൽകുകകൊണ്ടുമാത്രം തൃപ്തിപ്പെടാതെ, കേരളത്തിൽ, ഏതാണ്ട് ഇപ്പോഴത്തെ മലപ്പുറം ജില്ലയിലുൾപ്പെട്ട പ്രദേശങ്ങളിൽ, ഒരു 'മാപ്പിളസ്ഥാൻ' സ്ഥാപിക്കുന്നതിനെ അനുകൂലിച്ച് അവിഭക്ത–കമ്യൂണിസ്റ്റ്പാർട്ടി നടത്തിയ പ്രചാരവേല പ്രായക്കൂടുതലുള്ള കേരളീയർ മറന്നുപോയിരിക്കാനിടയില്ല.

ഭൂരിപക്ഷമല്ലെങ്കിൽത്തന്നെ, ജാതി–മത–പ്രാദേശികഗ്രൂപ്പുകൾ ഇന്ത്യയിലെ പല നിയോജകമണ്ഡലങ്ങളിലും ജയ–പരാജയങ്ങൾ തീരുമാനിക്കുന്നതിൽ നിർണായകഘടകങ്ങളാണ്. ഇവയെ അതതു പ്രദേശത്തെ പാർട്ടിനേതാക്കൾ—എല്ലാ പാർട്ടികളുടെ നേതാക്കളും—സ്വാധീനിച്ചേ കഴിയൂ എന്നതാണ് പ്രായപൂർത്തി വോട്ടവകാശത്തിന്റെ അനുല്ലംഘ്യമായ ഒരു നിയമം. ഒരേ പാർട്ടിക്കകത്തുതന്നെ ഭിന്നിപ്പുകൾ പൊട്ടിപ്പുറപ്പെടുമ്പോഴാകട്ടെ, ജാതി–മതഗ്രൂപ്പുകൾ പാർട്ടിയിലെ അതിപ്രധാന യാഥാർത്ഥ്യങ്ങളായിത്തീരുന്നു; ഇവയ്ക്കിടയിൽ തന്ത്രപൂർവം സമതുലനം നിലനിറുത്തുകയെന്നതു നേതൃത്വക്കഴിവിന്റെ മാനദണ്ഡമായി പരിഗണിക്കപ്പെടുകയും ചെയ്യുന്നു.

ഭൂരിപക്ഷത്തിന്റെ (അതായതു് സവർണ്ണഹിന്ദുക്കളുടെ) സാമുദായികവാദത്തെ എതിർത്തുപോന്നപ്പോഴും ഇന്ത്യയിൽ കമ്യൂണിസ്റ്റ്പാർട്ടി ന്യൂനപക്ഷങ്ങളുടെ സാമുദായികവാദത്തെ താലോലിക്കുവാനുണ്ടായ പരിതഃസ്ഥിതി ഇതാണ്. മുസ്ലീംലീഗിനെ കേരളരാഷ്ട്രീയത്തിലെ നിർണ്ണായകഘടകമാക്കി വളർത്തിയെടുക്കുന്നതിൽ ശ്രീ ഇ. എം. എസ്. നമ്പൂതിരിപ്പാടിന്റെ നേതൃത്വത്തിൽ കമ്യൂണിസ്റ്റ്പാർട്ടി നിർവഹിച്ച ചരിത്രപരമായ പങ്കു മറക്കാൻ കാലമായിട്ടില്ല. പക്ഷേ, ന്യൂനപക്ഷ–സാമുദായികവാദങ്ങളെ താലോലിക്കാൻ കമ്യൂണിസ്റ്റ്പാർട്ടിക്കുള്ളതിനേ

ക്കാൾ എത്രയോ അധികം കഴിവ് കോൺഗ്രസ്സിനുണ്ടെന്നു പിന്നെപ്പിന്നെ പ്രകടമായി. ഭൂരിപക്ഷത്തിന്റെ സാമുദായികവാദംപോലെതന്നെ ആപല്ക്കരമാണ് ന്യൂനപക്ഷത്തിന്റെ സാമുദായികവാദവുമെന്ന, മാർക്സിസ്റ്റ്പാർട്ടിക്ക് വളരെ വൈകി ഉളവായ, വെളിപാടിന്റെ അടിയിലുള്ളതു് ഈ വസ്തുതയാവണം. അതേതായാലും കേരളത്തിൽ അധികാരം പിടിച്ചടക്കുന്നതിനുവേണ്ടി ന്യൂനപക്ഷ—വർഗീയസംഘടനകളുമായി മേലിൽ കൂട്ടുചേരുകയില്ലെന്നു് മാർക്സിസ്റ്റ്പാർട്ടി പ്രഖ്യാപിച്ചതും, ഈ പ്രഖ്യാപനത്തിന്റെ ആത്മാർത്ഥത തെളിയിക്കുന്നതിനുവേണ്ടി പ്രമുഖരായ ഏതാനും പാർട്ടിപ്രവർത്തകർക്കെതിരെ അച്ചടക്കനടപടിയെടുത്തതും, സ്വാഗതാർഹമായ ഒരു നടപടിയാണ്. ജാതി—മത—പ്രാദേശിക സംഘർഷങ്ങളുടെ ഫലമായി നാൾക്കുനാൾ നമ്മുടെ രാഷ്ട്രീയസദാചാരവും പൊതുജീവിതത്തിലെ ധാർമികബോധവും ജീവിതസൗഖ്യവും പടിപടിയായി അധഃപതിക്കുന്നതിൽ മനംനൊന്തു പുലരുന്ന നിശ്ശബ്ദഭൂരിപക്ഷത്തിനു് മാർക്സിസ്റ്റ്പാർട്ടിയുടെ ഈ നടപടി ആശ്വാസം അരുളാതിരിക്കുകയില്ല. നല്ല ഒരു തുടക്കമെന്നു് ഈ നടപടിയെ അവർ വാഴ്ത്താതിരിക്കുകയുമില്ല.

ജാതി—മത—വർഗീയ രാഷ്ട്രീയവുമായുള്ള കൂട്ടുകെട്ട് അവസാനിപ്പിക്കുമെന്ന മാർക്സിസ്റ്റ്പാർട്ടിയുടെ തീരുമാനം ഏററവുമധികം സമ്മർദം ചെലുത്തുക ഭരണകക്ഷിയായ ഇന്ദിരാ കോൺഗ്രസ്സിലായിരിക്കും; പ്രത്യേകിച്ച് കേരളത്തിലെ ആ പാർട്ടിയുടെ ഘടകത്തിൽ. പാർട്ടി അംഗത്വത്തെ ബഹുജനചൂഷണത്തിനുള്ള ഉപകരണമാക്കി മാററാത്ത കുറെ ആളുകളെങ്കിലും, ഏതു പാർട്ടിയിലുമെന്നപോലെ, കോൺഗ്രസ്സിലും ഉണ്ടായിരിക്കുമല്ലോ. ജാതി—മത—പ്രാദേശിക നേതാക്കൾ സംഘടിതമായും നിർലജ്ജമായും നടത്തുന്ന പൊതുമുതൽക്കൊള്ളയ്ക്കുള്ള മറമാത്രമായി കേരളത്തിലെ ഭരണമുന്നണി അധഃപതിച്ചിട്ടുള്ളതിൽ ഇവരുടെയെല്ലാം ഹൃദയങ്ങൾ നീറിക്കൊണ്ടിരിക്കുകയാവും. ജാതി—മത_പാർട്ടികളുമായുള്ള ബന്ധം വിച്ഛേദിക്കാൻ മാർക്സിസ്റ്റ്പാർട്ടിക്കു സാധിക്കുമെങ്കിൽ, മത—നിരപേക്ഷതയെ അടിസ്ഥാനപ്രമാണമായി സിദ്ധാന്തതലത്തിൽ അംഗീകരിച്ച കോൺഗ്രസ് എന്തുകൊണ്ടു് വർഗീയപ്പാർട്ടികളുടെ കൈകളിൽ കളിപ്പാവയായി തുടരണമെന്ന ചോദ്യം, ആദ്യമാദ്യം ദുർബലമായിട്ടാണെങ്കിലും ഒടുക്കമൊടുക്കം അപ്രതിരോധ്യമായി, ഇവരിൽനിന്നു് ഉയന്നുവരാതിരിക്കുകയില്ല.

ജാതിയുദ്ധങ്ങളും മതയുദ്ധങ്ങളും ഇന്ത്യയിലെ പല ഭാഗങ്ങളിലും ദൈനികസംഭവങ്ങളായി മാറിയിട്ടുണ്ട്. ജാതിഅടിസ്ഥാനത്തിൽ സംഘടിപ്പിക്കപ്പെട്ട പല സേനകൾ നിരന്തരം നടത്തുന്ന കൂട്ടക്കൊലകളും തീവെയ്പുകളും ബലാത്സംഗങ്ങളും മാത്രമേ, വാർത്തകൾ എന്ന നിലയിൽ, ഈയിടെ ബീഹാറിൽനിന്നു് പത്രങ്ങളിൽ റിപ്പോർട്ടുചെയ്യപ്പെടുന്നുള്ളു. അഹിംസയുടെയും സർവധർമ്മസമാനത്വത്തിന്റെയും ദ്രഷ്ടായായിരുന്ന മഹാത്മാഗാന്ധിയുടെ ദീർഘകാല തപോവാടമായിരുന്ന സബർമതി ആശ്രമം നിലകൊള്ളുന്ന അഹമ്മദാബാദ് നഗരം മതകലഹങ്ങളുടെ നിരന്തരവേദിയായി മാറിയിട്ടു് ഏതാനും വർഷങ്ങളായി. സർക്കാർ ഉദ്യോഗങ്ങളിൽ ചില ന്യൂനപക്ഷങ്ങളിൽപ്പെട്ടവർക്ക് പ്രൊമോഷൻ തോതു് നിർണയിക്കുന്ന 'റോസ്റ്ററി'നെ എതിർത്തും അനുകൂലിച്ചും ഹിന്ദുക്കൾക്കിടയിലെ വ്യത്യസ്തവിഭാഗങ്ങൾ ആരംഭിച്ച തെരുവുയുദ്ധങ്ങൾ അവിടെ ഹിന്ദു—മുസ്ലിം സമരങ്ങളായിമാറാൻ ഏറെക്കാലം എടുത്തില്ല. ഗുജറാത്ത്സംസ്ഥാനത്തിൽ മതസമരത്തിന്റെ തീ ആളിക്കത്തിക്കാൻ ഒരു ഹട്ബോംമാച്ചോ, ഏതെങ്കിലും ദേവാലയത്തിലെ ഒരു ഉത്സവമോ, കുട്ടികൾതമ്മിലുള്ള ഒരു ശണ്ഠയോ ഇപ്പോൾ പര്യാപ്തങ്ങളായ കാര

ങ്ങളായിട്ടുണ്ട്. മതകലഹത്തിന്റെ ഏററവും ഉഗ്രമായ രൂപം ഇക്കഴിഞ്ഞ വർഷങ്ങളിൽ പഞ്ചാബിൽ നാം കാണുകയുണ്ടായി. പരേതനായ ലോംഗോവാലുമായി പ്രധാനമന്ത്രി രാജീവ്ഗാന്ധി ഉണ്ടാക്കിയ ഒത്തുതീർപ്പ് പഞ്ചാബിലെ പ്രതിസന്ധിയുടെമേൽ അവസാനത്തെ തിരശ്ശീല വീഴ്ത്തിയിട്ടുണ്ടെന്ന് ഇന്നാരും വിശ്വസിക്കുന്നില്ല.

ജാതി–മത–വർഗീയതാത്പര്യങ്ങളുമായി കൂടുതൽക്കൂടുതൽ വിട്ടുവീഴ്ചകൾക്ക് ഇന്ത്യയിലെ രാഷ്ട്രീയപ്പാർട്ടികൾ തയ്യാറായതിന്റെ ഫലം ഇന്ത്യയുടെ ഐക്യത്തിനും അഖണ്ഡതയ്ക്കും നേരിട്ട ആപത്ക്കരമായ ഭീഷണി മാത്രമല്ല. ഇന്ത്യയിലെ ആയിരക്കണക്കിന് നഗരങ്ങളിലും ലക്ഷക്കണക്കിന് ഗ്രാമങ്ങളിലും അരിഷ്ടിച്ച് നിത്യവൃത്തി കഴിച്ചുകൂട്ടുന്ന കോടിക്കണക്കിനു ജനങ്ങളുടെ സമാധാനജീവിതം തകർച്ചയുടെ വക്കിൽ എത്തിനിൽക്കുന്നു എന്നതാണ് ഇന്നത്തെ അനുഭവം.

മതനിരപേക്ഷത ജനാധിപത്യഭരണത്തിന്റെ ആധാരശിലയാണ്. ഇക്കാര്യത്തിൽ വിട്ടുവീഴ്ച വയ്യ. ഭരണഘടനയെ ധിക്കരിക്കാൻ ഇന്ത്യയിൽ ആർക്കും അവകാശമില്ല. പാർലമെന്റ് അംഗീകരിക്കുന്ന നിയമങ്ങൾ എല്ലാ പൗരരും അനുസരിക്കുകതന്നെവേണം. കോടതികളുടെ തീരുമാനങ്ങളെ ചോദ്യംചെയ്യുന്നതു് വ്യവസ്ഥാപിതരീതിയിൽ മാത്രമേ ആകാവൂ. ഇതിലൊന്നും ന്യൂനപക്ഷ–ഭൂരിപക്ഷവ്യത്യാസമില്ല.

'ഇന്ത്യയുടെ മോചനം ഇസ്ലാമിലൂടെ' എന്ന പ്രകോപനപരമായ മുദ്രാവാക്യം വ്യാപകമായി എഴുതിവെച്ച് കേരളത്തിൽ കുപ്രസിദ്ധിയാർജിച്ച 'സിമി' (സ്റ്റുഡന്റ്സ് ഇസ്ലാമിക് മൂവ്മെന്റ് ഓഫ് ഇന്ത്യ) എന്ന സംഘടനയുടെ സ്റ്റേററ് സമ്മേളനം ജനുവരി 3–ാം വാരത്തിൽ കോഴിക്കോട്ടു നടക്കുകയുണ്ടായി. ഈ സമ്മേളനത്തോടനുബന്ധിച്ച്, ജനുവരി 19–ാം തീയതി രാത്രിയിൽ ചേർന്ന പൊതുയോഗത്തിൽ ദൽഹി ജുമാമസ്ജിദിലെ ഇമാം ആയ മിസ്റ്റർ സയ്യദ് അബ്ദുള്ള ബുഖാരി മുസ്ലീങ്ങളുടെ വിശുദ്ധമായ സുപ്രീംകോടതി ഖുറാൻ മാത്രമാണെന്നും, മറേറതൊരാളുടെയും തീരുമാനങ്ങൾ അനുസരിക്കാൻ മുസ്ലീങ്ങൾ ബാധ്യസ്ഥരല്ലെന്നും പ്രഖ്യാപിച്ചതായി ജനുവരി 21–ാം തീയതിയിലെ 'ഹിന്ദു'വിൽ റിപ്പോർട്ടുചെയ്തിരുന്നു. വിവാഹമോചിതയായ സ്ത്രീക്കു് മുൻഭർത്താവു് ചെലവിനുകൊടുക്കണമെന്ന സുപ്രീംകോടതിയുടെ വിധിയെ പരാമർശിച്ച്, ശരീഅത്തിന് എതിരായ ഈ വിധി മുസ്ലീങ്ങൾക്കു സ്വീകാര്യമല്ലെന്നും, അതിനെ വെല്ലുവിളിക്കണമെന്നും മിസ്റ്റർ ബുഖാരി തുടർന്നുപറഞ്ഞു. മതത്തിനെതിരെയുള്ള ഈമാതിരി ഭീഷണികളെ ഐക്യത്തോടെ അഭിമുഖീകരിക്കാൻ അദ്ദേഹം ശ്രോതാക്കളെ ഉദ്ബോധിപ്പിച്ചു.

കോടതിയുടെ ഒരു വിധിയെ, അതു സുപ്രീംകോടതിയുടേതായാലും, നിയമവിധേയമായി ചോദ്യംചെയ്യുന്നതിന് എല്ലാ പൗരന്മാർക്കും നമ്മുടെ ഭരണഘടന അധികാരം നൽകുന്നുണ്ട്. ആർക്കും അതു ചെയ്യാവുന്നതുമാണ്. പക്ഷേ, ഖുറാൻ ഒഴികെ മറെറാരു സുപ്രീംകോടതിയും തങ്ങൾക്കില്ല എന്ന മിസ്റ്റർ ബുഖാരിയുടെ പ്രസ്താവന ജനാധിപത്യമെന്ന ഭരണതത്ത്വത്തെത്തന്നെ ചോദ്യംചെയ്യലാണ്. ഒരു മതനേതാവെന്ന നിലയിൽ മി. ബുഖാരി, ഇന്ത്യൻഭരണഘടന അദ്ദേഹത്തിനുനൽകിയ അഭിപ്രായസ്വാതന്ത്ര്യത്തെ ദുരുപയോഗപ്പെടുത്തിയതാണ് നാം ഇവിടെ കാണുന്നതു്.

'ഇന്ത്യയുടെ മോചനം ഇസ്ലാമിലൂടെ' എന്ന 'സിമി'യുടെ മുദ്രാവാക്യം ഇസ്ലാമിന്റെ ധാർമ്മികസന്ദേശത്തെ പ്രചരിപ്പിക്കാൻ ഉദ്ദേശിച്ച ഒന്നാണെന്നു കരുതുകവയ്യ. മുഹമ്മദ്നബി അവസാനത്തെ പ്രവാചകനാണെന്നും, ഖുറാൻ വെളിപ്പെടുത്തപ്പെട്ടതോടെ, അതിനുമുമ്പ് നിലവി

ലുണ്ടായിരുന്ന മതഗ്രന്ഥങ്ങൾ എല്ലാം അപ്രസക്തങ്ങളായിക്കഴിഞ്ഞുവെന്നുമുള്ള വിശ്വാസമാവണമല്ലോ ആ മുദ്രാവാക്യത്തിനടിയിലുള്ളതു്. ഇസ്ലാം അല്ലാത്ത മററു മതങ്ങളിൽ വിശ്വാസം പുലർത്തുന്നവർ ഈ മുദ്രാവാക്യത്തോടു പ്രതികരിക്കുന്നതു് എങ്ങനെയായിരിക്കും? ആത്യന്തിക സത്യം തങ്ങളുടെ മതഗ്രന്ഥങ്ങളിൽ മാത്രമാണുള്ളതെന്നും തങ്ങളുടെ മതങ്ങളിൽ വിശ്വസിക്കുന്നതുവഴിമാത്രമേ മനുഷ്യർക്കു മോചനമുണ്ടാവൂ എന്നും വിശ്വസിക്കുന്നവർ മററു മതക്കാർക്കിടയിലും ഉണ്ടാവാമല്ലോ. അവരെ പ്രകോപിപ്പിക്കാമെന്നല്ലാതെ, ഈ മുദ്രാവാക്യം പ്രചരിപ്പിക്കുന്നവർ നേടാനുദ്ദേശിക്കുന്ന നിർമ്മാണപരമായ ലക്ഷ്യം എന്തെന്നു മനസ്സിലാക്കുക പ്രയാസംതന്നെ.

ഹിന്ദുവോട്ടുബാങ്കുകൾ പടുത്തുയർത്തണമെന്ന ഉഡുപ്പി ധർമ്മാചാര്യ സമ്മേളനത്തിന്റെ ആഹ്വാനത്തെ എതിർത്ത അതേ യുക്തികൊണ്ടുതന്നെ ഇന്ത്യയിലെ സിവിൽ–ക്രിമിനൽ നിയമങ്ങൾക്കും അവ നടപ്പിൽ വരുത്തുന്ന കോടതികൾക്കും പകരം വിശുദ്ധഖുറാനേയും ആ ഗ്രന്ഥത്തെ വ്യാഖ്യാനിക്കുന്നതിനുള്ള അധികാരം തങ്ങൾക്കുമാത്രമാണെന്നു് അവകാശപ്പെടുന്ന മതപുരോഹിതരെയും പ്രതിഷ്ഠിക്കുന്നതിനുള്ള ഇമാം ബുഖാരിയുടെ ആഹ്വാനത്തെയും ഞങ്ങൾ എതിർക്കുന്നു.

മതനിരപേക്ഷതയെന്ന ആധാരശിലയിൽനിന്നു് ഇന്ത്യൻജനാധിപത്യത്തെ വ്യതിചലിപ്പിക്കുന്നതു് ഹിന്ദുക്കൾക്കെന്നപോലെ ഇന്ത്യയിലെ മുസ്ലീങ്ങൾക്കും ക്രിസ്ത്യാനികൾക്കും മററു മതവിഭാഗങ്ങൾക്കും നിർമതർക്കും എല്ലാം ഒരുപോലെ ആപത്ക്കരമായിരിക്കും. മതമേതായാലും, ഇന്ത്യയിലെ ബഹുജനങ്ങൾ ഭരണഘടനയെ ആദരിച്ചും നിയമങ്ങൾ അനുസരിച്ചും പരസ്പരം സഹകരിച്ചും ജീവിക്കാൻ പഠിക്കേണ്ടിയിരിക്കുന്നു. ഒരു ബഹു–മതരാഷ്ട്രമായ ഇന്ത്യ, ഭരണതലത്തിൽ മതനിരപേക്ഷതയെ ഒരു കാരണവശാലും കൈവിട്ടുകൂടാ. ഇക്കാര്യത്തിൽ വിട്ടുവീഴ്ച പാടില്ല.

23 ജനുവരി, 1986

# 56. അടിച്ചുതമ്മിലന്തപ്പെട്ടും തനയർ

ആയിരങ്ങൾക്കു ക്രൂരമായ മരണവും, ലക്ഷങ്ങൾക്കു ക്രൂരതരമായ സർവസ്വനാശവും പിറന്ന മണ്ണിൽനിന്നു് എന്നന്നേക്കുമായി നിഷ്കാസനവും വരുത്തിവെച്ച ഇന്ത്യാ–പാകിസ്ഥാൻ വിഭജനത്തിന്റെ ദുഃഖസ്മൃതികൾ ഒരു പേടിസ്വപ്നംപോലെ നമ്മളിൽ പലരുടേയും ബോധമണ്ഡലത്തെ ഇന്നും പീഡിപ്പിച്ചുവരുന്നുണ്ടല്ലോ. അന്നത്തെ വിഭജനം സൃഷ്ടിച്ചതിനേക്കാൾ എത്രയോ ഏറെ ദുരന്തങ്ങൾ വരുത്തിവെച്ചുകൊണ്ടു്, പല രാഷ്ട്രീയ ഏകകങ്ങളായി ഇന്ത്യ ഇനിയും ചിതറിപ്പോയിക്കൂടായ്കയില്ലെന്നു കാണിക്കുന്നവയാണു് അടുത്തകാലത്തു് ഇവിടെ ഉണ്ടായ ചില സംഭവവികാസങ്ങൾ.

ആദ്യമായി പഞ്ചാബിലേക്കുതന്നെ നോക്കുക. ബർണാലയുടെ നേതൃത്വത്തിൽ അവിടെ അധികാരത്തിൽ വന്ന അകാലി ഗവണ്മെൻറിനു് സിഖ് ഉഗ്രവാദത്തിന്റെ മൂർച്ച കുറയ്ക്കുവാൻ സാധിച്ചിട്ടില്ല. നേരെ മറിച്ചു്, വളരെയേറെ പ്രതീക്ഷകളുണർത്തിയ രാജീവ്–ലോംഗോവാൽ ഒത്തുതീർപ്പിലെ വ്യവസ്ഥകൾ ഒരിക്കലും നടപ്പിൽ വന്നേക്കുകയില്ലെന്ന ആശങ്ക കൂടുതൽ ശക്തി പ്രാപിച്ചുവരുകയുമാണു്. ചണ്ഡിഗഢ് ഇനിയും പഞ്ചാബിനു നൽകപ്പെട്ടിട്ടില്ല. ഹിന്ദി സംസാരിക്കുന്നവർക്കു ഭൂരി